## കേരള സർവകലാശാല

നം. പി.ആർ.134/2018 ഫോൺ : 2305738

### പത്രക്കുറിപ്പ്

### തൊഴിലധിഷ്ഠിത കോഴ്സിന് സീറ്റുകൾ ഒഴിവ്

ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ കേരള സർവകലാശാലാ തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം യൂണിറ്റ് നടത്തുന്ന തൊഴിലധിഷ്ഠിത കോഴ്സായ സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് (Tally) ഏതാനും സീറ്റുകൾ ഒഴിവുണ്ട്. പ്രസ്തുത കോഴ്സിന് അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ശനി, ഞായർ ദിവസങ്ങളിൽ ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിലെ CACEE യൂണിറ്റിന്റെ ഓഫീസിൽ അഡ്മിഷൻ എടുക്കാം. യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി പാസ്സായിരിക്കണം. ക്ലാസ്സുകൾ ശനി, ഞായർ ദിവസങ്ങളിൽ മാത്രം. കോഴ്സിന്റെ കാലാവധി മൂന്നു മാസം.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക
സുനിൽ എസ്, കോഴ്സ് കോ-ഓർഡിനേറ്റർ.
ഫോൺ- 8129418236,9495476495

### എട്ടാം സെമസ്റ്റർ ബി.ടെക് പരീക്ഷ

2018 മേയ് മാസം നടത്തിയ എട്ടാം സെമസ്റ്റർ ബി.ടെക് ഡിഗ്രി എക്സാമിനേഷൻ റഗുലർ (2013 സ്കീം) പ്രാക്ടിക്കൽ, പ്രോജക്ട് വൈവോസി എക്സാമുകൾ ജൂൺ 18-ന് തുടങ്ങുന്നതാണ്. വിദ്യാർത്ഥികൾ അതാത് പരീക്ഷാ സെന്ററുമായി ബന്ധപ്പെടേണ്ടതാണ്.

### C.L.I.S.C, D.C.A അപേക്ഷ ക്ഷണിച്ചു

ഇരമല്ലിക്കര ശ്രീ. അയ്യപ്പകോളേജിൽ ആരംഭിക്കുന്ന സർവകലാശാലാ തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്ര യുണിറ്റിന്റെ സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (C.L.I.S.C), ഡിപ്ലോമ ഇൻ കംമ്പ്യൂട്ടർ ആപ്ലിക്കേഷൻ (D.C.A),
സർട്ടഫിക്കറ്റ് കോഴ്സ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. പ്രായ പരിധിയില്ല. യോഗ്യത പ്ലസ്ടു/പ്രിഡിഗ്രി. അപേക്ഷാഫോറം ശ്രീ അയ്യപ്പാകോളേജിൽ നിന്നും വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്
www sreeayyappacollege.ac.in എന്ന വെബ്സൈറ്റിലോ
0479-2427615,9447981459,9961185754 എന്നീ നമ്പറുകളിലോ ബന്ധപ്പെടുക.

## രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്. ബി.എസ്.സി. ഇലക്ട്രോണിക്സ് ഫലം പ്രഖ്യാപിച്ചു

2017 ജൂലൈ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്. ബി.എസ്.സി. ഇലക്ട്രോണിക്സ് (340) പരീക്ഷയുടെ (2013, 2014 അഡ്മിഷൻ സപ്ലിമെന്ററി (2013 അഡ്മിഷൻ മുതൽ), 2016 അഡ്മിഷൻ റഗുലർ–2015 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി (2015 അഡ്മിഷൻ മുതൽ)) ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനക്കും അപേക്ഷിക്കാനുള്ള അവസാന തീയതി ജൂലൈ– 6. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## എം.എസ്.ഡബ്ലൂ പ്രവേശന പരീക്ഷ

സർവകലാശാലയുടെ യു.ഐ.ടി. പിരപ്പൻകോട്, യു.ഐ.ടി. ആലപ്പുഴ എന്നീ സെന്ററുകളിലെ 2018–19 ലെ എം.എസ്.ഡബ്ല്യൂ. കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷ ജൂൺ 20– ാം തീയതി ബുധനാഴ്ച രാവിലെ 10.30 മുതൽ 11.30 വരെ അതാത് സെന്ററുകളിൽ നടക്കുന്നതാണ്. അഡ്മിറ്റ് കാർഡുകൾ യൂസർ ID യും പാസ് വേഡും ഉപയോഗിച്ച് **www.keralauniversity.ac.in** എന്ന വെബ്സൈറ്റിൽ നിന്നും ജൂൺ 16 മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

അപേക്ഷകർ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ഫോട്ടോപതിച്ച അഡ്മിറ്റ്കാർഡും തിരിച്ചറിയൽ രേഖയും നിർബന്ധമായും കൈവശം വെക്കേണ്ടതാണ്. ഭിന്നശേഷിക്കാരായ അപേക്ഷകർ കൂടുതൽ സഹായങ്ങൾക്ക് ജൂൺ 18 നു മുൻപായി AcBI സെക്ഷനിൽ ബന്ധപ്പെടേണ്ടതാണ്.( e-mail:academic.bi@gmail.com)

## ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) എട്ട് & ആറ് പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ

ജൂലൈ 17–ാം തീയതി നടത്താനിരിക്കുന്ന എട്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) 2014 സ്കീം ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 18–ാം തീയതി ആരംഭിക്കുന്നതാണ്. 2014 സ്കീം റഗുലർ 2011 സ്കീം സപ്ലിമെന്ററി, 2006 സ്കീം സപ്ലിമെന്ററി/മെഴ്സി ചാൻസ് പരീക്ഷകൾക്ക് പിഴ കൂടാതെ ജൂൺ 25 (50 രൂപ പിഴയോടെ ജൂൺ 27, 125 രൂപ പിഴയോടെ ജൂൺ 30) വരെ അപേക്ഷിക്കാം.

ജൂലൈ 24–ാം തീയതി നടത്താനിരിക്കുന്ന ആറാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) 2006 സ്കീം സപ്ലിമെന്ററി/മെഴ്സി ചാൻസ് 2006 സ്കീം സപ്ലിമെന്ററി & 2011 സ്കീം സപ്ലിമെന്ററി, പരീക്ഷകൾക്ക് പിഴ കൂടാതെ ജൂൺ 25 (50 രൂപ പിഴയോടെ ജൂൺ 27, 125 രൂപ പിഴയോടെ ജൂൺ 30) വരെ അപേക്ഷിക്കാം.

## ഹാൾടിക്കറ്റ് കൈപ്പറ്റണം

വിദൂര വിദ്യാഭ്യാസ കേന്ദ്രം ജൂൺ 21-ന് ആരംഭിക്കുന്ന മൂന്നാം വർഷ മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (MHA) (റഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഹാൾടിക്കറ്റുകൾ പരീക്ഷാകേന്ദ്രമായ വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്നും കൈപ്പറ്റാവുന്നതാണ്.

വിദൂര വിദ്യാഭ്യാസ കേന്ദ്രം ജൂൺ 22-ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി. കംമ്പ്യൂട്ടർ സയൻസ് സപ്ലിമെന്ററി പരീക്ഷയുടെ ഹാൾടിക്കറ്റുകൾ ഓൺലൈൻ ആയി അപേക്ഷിച്ചവർക്ക് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## ബി.എ.പരീക്ഷാ ഫലം

2017 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ. ഇംഗ്ലീഷ് ആന്റ് കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ബി.എ. ജേർണലിസം ആന്റ് മാസ് കമ്യൂണിക്കേഷൻ ആന്റ് വീഡിയോ പ്രൊഡക്ഷൻ പരീക്ഷാ ഫലം വെബ്സൈറ്റിൽ ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനക്കും അപേക്ഷിക്കാനുള്ള അവസാന തീയതി ജൂലൈ-6.

## മൂന്നാം സെമസ്റ്റർ എം.എസ്.സി. ഹോം സയൻസ് (ന്യൂട്രീഷൻ & ഡയറ്ററ്റിക്സ്) ടൈംടേബിൾ

2018 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. ഹോം സയൻസ് (ന്യൂട്രീഷൻ & ഡയറ്ററ്റിക്സ്) പരീക്ഷയുടെ ഇന്റേൺഷിപ്പ് വൈവ ജൂൺ 20 ന് ആലപ്പുഴ സെന്റ് ജോസഫ് കോളേജിൽ നടത്തും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## ബി.പി.എഡ് പരീക്ഷാഫലം

2017 ഡിസംബർ മാസത്തിൽ നടത്തിയ ബി.പി.എഡ്. ഒന്നും, മൂന്നും സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ ലഭിക്കും.

## മൂന്നാം സെമസ്റ്റർ ബി.എഡ് സൂക്ഷ്മപരിശോധന

2017 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എഡ്. പരീക്ഷയുടെ സൂക്ഷ്മ പരിശോധനക്ക് അപേക്ഷിച്ചവർ ഹാൾടിക്കറ്റുമായി ജൂൺ 18 മുതൽ 25 വരെയുള്ള പ്രവൃത്തിദിവസങ്ങളിൽ റീവാല്യൂഷൻ വിഭാഗത്തിൽ(ഇ.ജെ.1) ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം.
14.06.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ